# ലിറ്റിൽ കൈറ്റ്സ്

## ജി എച്ച് എച്ച് എസ് എസ് തൊളിക്കോട്

## സ്കൂൾ ഡിജിറ്റൽ മാഗസിൻ

# മായാമുദ്ര

# എഡിറ്റോറിയൽ അംഗങ്ങൾ

1.അഫ്സൽ.

2.റാഷിദ് .

3.മുഹമ്മദ് .

4.അസ്ഹർ മുഹമ്മദ്.

5.തൗഫീഖ്.

6.മുഹമ്മദ് അൽ-അമീൻ.

7.മുഹമ്മദ് ജാസിം.

8.ജസീന .

9.ഷാഹിന.

10.മുസ്തക്കീൻ.

# ഉള്ളടക്കം



.......2
.......2
ആമുഖം.......2
ഒരു കവിത കൊണ്ട് ഒരു കാലാവസ്ഥ.......4
ഉണ്ടാക്കിയ കവി.......4
പ്രതീക്ഷ.......5
നനഞ്ഞ മഴ.......8
നവ കേരളം.......11
ഹരിതകേരളം.......13
മഹത് വചനങ്ങൾ.......15
ഭൂമിതൻ മടിത്തട്ടിൽ.......16
മറവിക്ക് മായ്ക്കാൻ കഴിയാത്തത്.......18
ഗണിതത്തിലേക്ക് കടന്ന ചെല്ലാനുള്ള മാർഗ്ഗംകളിയാണ്.......21
അമ്മ.......24

# ആമുഖം

ലിറ്റിൽ കൈറ്റ്സ് എന്ന ഐ റ്റി കൂട്ടായ്മയുടെ ഭാഗമായി നിർമ്മിച്ച ഡിജിറ്റൽ മാഗസിനാണിത്.ലിറ്റിൽ കൈറ്റ്സ് കൂട്ടായ്മയിലെ കുട്ടികളുടെയും,സ്കൂൾ കുട്ടികളുടെയും സഹകരണത്തോടു കൂടി തയ്യാറാക്കിയതാണ് ഈ മാഗസിൻ.

# ഒരു കവിത കൊണ്ട് ഒരു കാലാവസ്ഥ

## _ഉണ്ടാക്കിയ കവി



ഏതു വരണ്ട കണ്ണിനെയും ഈറനാക്കുന്ന ഏതു കൊടുംചൂടിനെയും ഉരുക്കുന്ന വൈലോപ്പിള്ളിയുടെ കവിതയാണ് "മാമ്പഴം".ചവർപ്പിൽ[1] നിന്ന് മാധുര്യ മരണത്തിൽ നിന്ന് ജീവിതവും വാർത്തെടുക്കുന്ന ഒരു കൈത്തഴക്കം അദ്ദേഹത്തിന്റെ ഈ കവിതയിലുണ്ട്.കാണുന്ന കിനാവല്ല[2] [1]വിവരിക്കുന്ന വിസ്തരിക്കുന്ന യാഥാർഥ്യമാണ് വൈലോപ്പിള്ളിക്കവിതകൾ.

അദ്ദേഹത്തെ തേടിവന്ന അനുഭവങ്ങളയും ,അദ്ദേഹം നേടിയെടുത്ത അനുഭവങ്ങളേയും ഒരിമിച്ചൊരു യാഥാർത്ഥ്യത്തിന്റെ കവിത ര്രൂപപ്പെടുത്തുന്നതാണ് അദ്ദേഹത്തിന്റെ രീതി.തന്നെ കടിച്ചുകീറിയ അനുഭവങ്ങളെ അദ്ദേഹം കടിച്ചു കീറുന്നു. സ്വന്തം ജീവിതത്തെതന്നെ അദ്ദേഹം കൂട്ടിൽകയറ്റി വിസ്തരിക്കുന്നു.

അഫ്സൽ എൻ. റ്റി
I X B.

1 കയ്പ്പ്
2

# പ്രതീക്ഷ



ആ കാഴ്ച്ച കാണാൻ ആകാത്തതു പോലെ ചന്ദ്രബിംബം മേഘങ്ങൾക്കിടയിലേക്കു മറഞ്ഞു.
റോഡിന്റെ മറുവശത്ത് നിന്ന് ഒരാൾ അങ്ങോട്ട് വന്നു.നിലാവിന്റെ അരണ്ട വെളിച്ചത്തിൽ ഓടയിൽ കണ്ട രൂപത്തിലേക്ക് അയാൾ ടോർച്ച് തെളിച്ചു.മുഷിഞ്ഞുനാറിയ വസ്ത്രമുടുത്ത ഒരു വൃദ്ധൻ എങ്ങനെയോ ഓടയിൽ വീണതാണ്.എഴുന്നേൽക്കാൻ ഒത്തിരി ശ്രമിച്ചു

ജി.എച്ച്.എസ്.എസ്.തൊളിക്കോട്

കാണും.ജീവിതഭാരം ചുമലിലുള്ളതുകാരണം എഴുന്നേൽക്കാൻ കഴിഞ്ഞില്ലയെന്ന് വൃദ്ധൻെറ വാക്കുകളിൽ നിന്നും മനസ്സിലാകുവാൻ അയാൾക്ക് അധികം സമയം വേണ്ടിവന്നില്ലഅപമാനവും നിന്ദയും കൊണ്ട് വൃദ്ധന്റെ വസ്ത്രം മുഴുവൻ മലിനമായിരിക്കുന്നു.സമൂഹവും മക്കളും നൽകിയ ഭ്രാന്തനെന്ന മുഖമുദ്രയുമായി വൃദ്ധൻ തളർന്നിരുന്നു.അയാൾ പണിപ്പെട്ട് വൃദ്ധനെ ഓടയിൽ നിന്നും കയറ്റി.ആർക്കോ വേണ്ടിയുള്ള തിരച്ചിൽ വറ്റി വരണ്ട ആ കണ്ണുകളിൽ കാണാമായിരുന്നു.അയാൾ വൃദ്ധനോട് വീടിനെപ്പറ്റിയും മറ്റും ചോദിച്ചു.കഷ്ടപ്പെട്ടും പട്ടിണികിടന്നും വളർത്തി വലുതാക്കിയ മക്കൾ ഭ്രാന്തനെന്ന ഓമനപ്പേരു നൽകി വിളിച്ചപ്പോൾ ആത് അസാധാരണമായി വൃദ്ധനുതോന്നിയില്ല.ചണ്ടി വലിച്ചെറിയും പോലെ മാതാപാതാക്കളെ ഉപേക്ഷിക്കുന്നത്

ഇരുപത്തിയൊന്നാം

നൂറ്റാണ്ടിലെ 'ട്രൻഡ്' ആണെന്നു വൃദ്ധന് അറിയാം.ആരോടും പരാതി പറഞ്ഞില്ല.പരാതിയും,വിഷമവും,സന്തോഷവും ഒക്കെ പങ്കിടാൻ കൂട്ടിനു തന്ന ആളെ ഈശ്വരൻ നേരത്തെ സ്വാഗതം ചെയ്തതുകൊണ്ട് അയാൾക്കിന്നാരുമില്ല.ഇത്രയൊക്കെ പറഞ്ഞുനിർത്തിയപ്പോൾ അയാൾ ഒന്നു നെടുവീപ്പിട്ട് കൊണ്ട് വൃദ്ധനോട് പറഞ്ഞു,ഞാൻ എന്റെ അമ്മയെ വൃദ്ധസദനത്തിലാക്കിയിട്ടു വരുന്ന വഴിയാണ്.പ്രായമായാൽ അച്ഛനും അമ്മയും ഒരു ശല്ല്യമായി തോന്നിയെങ്കിലും ഇപ്പോൾ ആ ശല്ല്യം സഹിക്കുവാൻ ഞാനൊരുക്കമാണ്.
പത്തുമാസം ചുമന്ന് വേണ്ടതോക്കെ നൽകി,ഇതു വരെ വളർത്തി വലുതാക്കിയ അമ്മയെ ഉപേക്ഷിച്ചിട്ട് എനിക്കെന്തു

*മായാമുദ്ര*

നേട്ടം.എത്രയോ കുഞ്ഞുങ്ങൾ അമ്മയാരെന്നറിയാതെ വളരുന്നു.അമ്മയുടെ സ്നേഹത്തിനും വാത്സല്യത്തിനു പകരം വയ്ക്കാൻ ലോകത്തൊന്നുമില്ല.എനിക്കെന്റെ അമ്മയെ വേണം.ഇതും പറഞ്ഞ് അയാൾ വൃദ്ധസദനം ലക്ഷ്യമാക്കി നടന്നു.ഇതൊക്കെ കേട്ട് മറുപടിയൊന്നും പറയാതെ ആ വൃദ്ധൻ മതിലിനോടു ചേർന്നിരുന്നു,തന്റെ മക്കളും ഇതുപോലെ തന്നെത്തേടി വരുമെന്ന പ്രതീക്ഷയിൽ........

ഷഫ്ന ഫാത്തിമ 9B

# നനഞ്ഞ മഴ



'മഴ' എന്ന രണ്ടക്ഷരത്തിൽ
ഒളിഞ്ഞു കിടക്കുന്ന ചിലതുണ്ട്
മനസ്സിന്റ ഉള്ളറകളിൽ
തെളിഞ്ഞു കിടക്കുന്ന ചിലതുണ്ട്

മഴയായും മഞ്ഞു തുള്ളിയായും
കുളിരേകുന്ന കാറ്റായും
പാടിയൊഴുകുന്ന അരുവിയായും
സ്പർശിക്കുന്ന ചിലതുണ്ട്

പ്രണയമാകുന്ന മഴയായും
സ്നേഹമാകുന്ന കാറ്റായും
സഹനമാകുന്ന മഞ്ഞായും
കുളിരണിയിക്കുന്ന ചിലതുണ്ട്

ഹൃദയത്തിന്റ അകത്തളങ്ങളിൽ
മയങ്ങികിടക്കുന്ന സ്വപ്നങ്ങൾക്ക്

*ജി.എച്ച്.എസ്.എസ്.തൊളിക്കോട്*

## *മായാമുദ്ര*

ഉണർവേകി ആശ്വാസമേകി
കടന്നുവന്നൊരു മഴയുണ്ട്

പരസ്യമായ രഹസ്യത്തിനും
പ്രണയത്തിനും ത്യാഗത്തിനും
കൂട്ടായി ,കുളിർമയായി
പെയ്തു വീഴുന്ന മഴയുണ്ട്

ബാല്യം എന്ന രണ്ടക്ഷരത്തിലേക്ക്
ആഴ്ന്നിറങ്ങിയ മുറിവുകളെ
വാശി  എന്ന രണ്ടക്ഷരമായി
മാറ്റിയെടുത്തൊരു മഴയുണ്ട്

കണ്ണഞ്ചിപ്പിക്കും വെയിലിലേറ്റ്
ചിന്നിചിതറിയ മോഹങ്ങളെ
തുന്നിച്ചേർത്ത് ശക്തിയാക്കി
കരുത്ത് പകർന്നൊരു മഴയുണ്ട്

ഭീതിയുടെ നിമിഷങ്ങളിൽ
തളർന്നു പോയ മനസ്സിനെ
ജീവിതത്തിനനുകൂലമായ പാഠങ്ങൾ
പടിപ്പിച്ചു തന്ന മഴയുണ്ട്

അലതല്ലുന്ന സാഗരം പോലെ

## *മായാമുദ്ര*

പ്രക്ഷുബ്ധമായ[3] മനസ്സിനെ
ശാന്തിയിലേക്കും,നന്മയിലേക്കും
കൊണ്ടു പോയൊരു മഴയുണ്ട്

സ്വർണ്ണനൂലായ വെയിൽ തട്ടി
വാടി നിന്ന സുമങ്ങളെ
ജീവിതത്തിലേക്ക് തിരിച്ചെത്തിച്ച
വെള്ളി നൂലായി മഴയുണ്ട്

ജീവിതത്തിന്റ കയത്തിലേക്ക്
വീണു പോയ മനസ്സിനെ
ഉന്നതിയിലേക്ക് കൊണ്ടെത്തിച്ച
ഒരു മഴയുടെ ഓർമ്മകളിന്നുണ്ട്

വേദനയുടെ നിഴൽ പാടുകൾ
ഇരുളേകിയ ജീവിതത്തിൽ
നിലാവിന്റെ ശുവെളിച്ചം
തെളിച്ചു തന്നൊരു മഴയുണ്ട്

വാർന്ന ഇതളുകൾ പോലെ
നിറ പകിട്ടാർന്ന ശലഭങ്ങൾ പോലെ
ജീവിതത്തെ സുന്ദരമാക്കിയ
ഒരു പിടി ഓർമ്മകൾ ഇന്നുണ്ട്

---

3 കലുക്ഷിതം

അജ്മിയ

X B

# നവ കേരളം



പ്രളയക്കെടുതി മൂലം നശിച്ച കേരളത്തെ ഒരു നവകേരളമായി കൊണ്ട് വരേണ്ടത് ജാതി-മത ഭേതമന്യേ നമ്മളോരോരുത്തരുടെയും കടമയാണ്. അതിനായി ഒരുപാട് ചിന്തകളും പ്രവർത്തികളും ആവശ്യമായി വരും കൂട്ടായുള്ള പരിശ്രമത്തിലൂടെ മാത്രമേ നമ്മുക്കതിനു സാധിക്കുകയുള്ളൂ.
കൂടുതൽ സമയവും അതിനാവശ്യമാണ്.ശുദ്ധമായ കുടി വെള്ളം,ശുദ്ധമായഭക്ഷണം,ശുദ്ധവായു എന്നിവക്ക് ഊന്നൽ നൽകി കൊണ്ടാകണം നവകേരള നിർമ്മിതി.സുരക്ഷിതത്ത്വംഉറപ്പാക്കുന്ന രീതിയിൽ വേണം നവകേരളത്തെ സൃഷ്ടിക്കാൻ.ദുരിതങ്ങളെ പ്രതിരോധിക്കുന്ന തരത്തിലുള്ള പാർപ്പിട സൗകര്യം ഒരുക്കാൻ.അടിസ്ഥാന സൗകര്യ
വികസനവും ആവശ്യമാണ്.നാടിനെ മാലിന്യ മുക്തമാക്കികൊണ്ടാകണം
അതിനു തുടക്കം കുറിക്കേണ്ടത് ക്രിയാത്മകമായി ഏറ്റവും നൂതനമായ
ആശയം കൈക്കൊള്ളണം . ഇന്തോനേഷ്യ,ജപ്പാൻ തുടങ്ങിയ

രാജ്യങ്ങളുടെ
അഭിപ്രായങ്ങളും നവകേരള സൃഷ്ടിക്കായി പ്രയോജനപ്പെടുത്താം.

കേരളത്തിന്റെ
ഹരിതഭംഗി ഒട്ടും കുറയാതെ വേണം നവകേരളം
പടുത്തുയർത്താൻ. **"'പല തുള്ളി പെരുവെള്ളം'"** എന്നതു പോലെ
ചെറുതും വലുതുമായ എല്ലാത്തരം സംഭാവനകളും
ഇതിനു വേണ്ടി വിനിയോഗിക്കാം.പരിസ്ഥതിക്കു ഭംഗം
വരാത്തവിധത്തിൽ ഭൂപ്രകൃതിക്കനുസരിച്ച് വാസസ്ഥലങ്ങളും
മറ്റും
നിർമ്മിക്കണം. വിദേശരാജ്യങ്ങളെ മാതൃകകളെ അവലംബിക്കാം.
വിദേശരാജ്യങ്ങളുടെ സഹായം സ്വീകരിക്കാം.
ആഡംബരമില്ലാതെ എല്ലാ ആവശ്യത്തിനും ഉതകുന്ന
രീതിയിലുള്ള ആശയങ്ങളാണ് സ്വീകരിക്കേണ്ടത്.അതു
സമയബന്ധിതവുമാകണം. അത് സർക്കാരിന്റെ മാത്രം
ഉത്തരവാദിത്വമാണ്.ഒരു കണക്കിനു പ്രളയം മനുഷ്യ
നിർമ്മിതമാണ്. പ്രകൃതിയെ സ്നേഹിക്കാൻ നാമോരോരുത്തരും
പഠിക്കണം.
കഴിഞ്ഞുപോയ ദുരിത പാഠം ഉൾക്കൊണ്ട് നാം നമ്മുടെ ചിന്തയും
പ്രവർത്തിയും മാറ്റണം എന്നതാണ് എന്റെ അഭിപ്രായം.

തഹ് ലിയ
X . C

# ഹരിതകേരളം



കേരളത്തെ നമുക്ക്  നവ കേരളത്തിലൂടെ സൃഷ്ടിക്കാം.
വെടിപ്പുള്ള നാടിനു വേണ്ടി ജനകീയ മുന്നേറ്റം ആവശ്യമാണ്.പല അടരുകളുള്ള നവ കേരളം എന്ന ആശയം ഇതൾ വിരിക്കുന്നത് ഈ വേളയിൽ കാണാം.
പ്രതിദിനം കേരളം തള്ളുന്ന ആയിരക്കണക്കിനു മാലിന്യത്തിൽ ഒരു വലിയ തോത് തദ്ദേശസ്ഥാപനങ്ങളുടെ പിടിപ്പുകേടുകൊണ്ടും ,സംസ്കരിക്കപ്പെടാതെ കുംമ്പാരങ്ങളായി കിടക്കുംമ്പോൾ പുനർനിർമ്മാണത്തോടൊപ്പമുള്ള നവകേരളത്തിന്

*ജി.എച്ച്.എസ്.എസ്.തൊളിക്കോട്*

മറ്റൊരു ലക്ഷ്യം വൃത്തിയുള്ള നാട് . കേരളത്തിൽ മിക്കയിടത്തും ഓരോ ദിവസവും മാലിന്യ കൂംമ്പാരം
പെരുകി വന്നിട്ട് സർക്കാരിന്റെ അടിയന്തര ശ്രദ്ധ നേടാൻ തുടങ്ങിയിട്ട് കാലം കുറേയായി . ശാസ്ത്രീയമായ മാലിന്യ ശേഖരണവും മാലിന്യ സംസ്കരണവുമാണ് ഏക വഴി.

പരിസ്ഥിതി സംരക്ഷണത്തിൽ നാം കൂടുതൽ മികവ് തെളിയിക്കണം.കേരളം എന്നു പറയുമ്പോൾ തന്നെ  കേരങ്ങൾ കൊണ്ട് നിറഞ്ഞ കേരളമാണ് ഉണ്ടാകേണ്ടത്.ഹരിത ശോഭനയും പച്ചപ്പും നിറഞ്ഞ കേരളത്തെ നമുക്ക് സൃഷ്ടിക്കാം.ഈ നവ കേരളത്തിനു അറുപത്തി രണ്ട്
വയസ്സ് തികയുകയാണ്.നമ്മുടെ ചരിത്രത്തിലെ തന്നെ ഏറ്റവും വലിയ ദുരന്തത്തെയാണ് നാം അതിജീവിച്ചതിന്റ ഓർമ്മ കൂടിയാണ്   ഈ പിറന്നാൾ .പ്രളയമേൽപ്പിച്ച അടികളിൽ നിന്ന് കര കയറാൻ ,ദീർഘവീക്ഷണത്തോടെയുള്ള കൂട്ടായ്മയുടെ കരുത്തുണ്ട് നമുക്ക്.അവ പലതിനും മറ്റുള്ളവയ്ക്ക് മാതൃകയാവുകയും ചെയ്യുന്നു.

അതേ സമയം മെച്ചപ്പെടേണ്ട മേഖലയുമുണ്ട് നവകേരളം" ലക്ഷ്യമിട്ടു നീങ്ങുന്ന നാം പിന്തുടരേണ്ട മികവുറ്റ മാതൃകകളാണ് -

***മായാമുദ്ര***

ടൂറിസം വെനീസ്,ഉന്നത വിദ്യാഭ്യാസ ഹബ് യുകെ ,റോഡ് സുരക്ഷ
അയർലൻഡ്-വിവിധ സേവനം യുഎസ്,യുഎഇ-പരിസ്ഥിതി
സംരക്ഷണം സ്വറ്റസർലാൻഡ്-വനിതകളുടെ അവകാശം
സ്വീഡൻ-ഗതാഗതം ചൈന പോലെ നവ കേരളത്തെ
ദൈവത്തിന്റെ സ്വന്തം നാടാക്കാം.

അൽ - നൂർ ഫാത്തിമ

IX . B

# മഹത് വചനങ്ങൾ

എന്റെ ജീവിതമാണ് എന്റെ സന്ദേശം-

ഗാന്ധിജി

ജാതിഭേദം മതദ്വേഷം ഏതുമില്ലാതെ സർവ്വരും സോദരത്വേന വാഴുന്ന മാതൃകാസ്ഥാനമാണിത്-

ശ്രീനാരായണഗുരു

മനുഷ്യരക്തത്തിന് മതമില്ല-ഒരുനിറം മാത്രം-

എഡ്വിൻ

അർനോൾഡ്

നിങ്ങൾ അന്യരുടെ അവകാശങ്ങളിൽ കൈവെക്കരുത്-

മുഹമ്മദ് നബി

നീ നിന്നെ പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക

യേശുക്രിസ്തു

അറിവ് ശക്തിയാണ്-

ഹോബ്സ്

മൗനമെന്നാൽ മനുഷ്യന് മരണമെന്നാണ് അർത്ഥം-

നെരദം

# ഭൂമിതൻ മടിത്തട്ടിൽ



ഭൂമിതൻ മടിത്തട്ടിൽ കിടന്നുറങ്ങാനുള്ള
ഭാഗ്യം  എനിക്ക് ലഭിച്ചിരുന്നെങ്കിൽ
ഹരിത[4] മനോഹരമായ പ്രപഞ്ചത്തെ
തൊട്ട് തലോടാൻ കഴിഞ്ഞിരുന്നെങ്കിൽ

ആടിയുലയുന്ന മരങ്ങൾക്കിടയിൽ
ഏകയായി നിൽക്കാൻ കഴിഞ്ഞിരുന്നെങ്കിൽ
കളകളമൊഴുകും നദിതൻ കുളിർമ
സ്പർശിച്ചറിയാൻ കഴിഞ്ഞിരുന്നെങ്കിൽ

പാറിപറക്കും കുഞ്ഞു പക്ഷിതൻ
കൂടെ പറക്കാനായിരുന്നെങ്കിൽ
പച്ച പരവതാനി വിരിച്ച ഭൂമിതൻ
കൈ കോർത്ത് നടക്കാൻ കഴിഞ്ഞിരുന്നെങ്കിൽ

നിറപകിട്ടാർന്ന ശലഭങ്ങൾക്കോപ്പം
ഭൂമിയിൽ ചുറ്റാൻ കഴിഞ്ഞിരുന്നെങ്കിൽ
അരുണന്റെ സ്വർണ്ണ രശ്മികൾ പതിക്കുന്ന
ഇതളാർന്ന മലരാകാൻ കഴിഞ്ഞിരുന്നെങ്കിൽ

4 പച്ച

***മായാമുദ്ര***

നിലാവ് നിറഞ്ഞ സുന്ദര രാത്രിതൻ
നക്ഷത്രമാകാൻ കഴിഞ്ഞിരുന്നെങ്കിൽ
ആർത്തിരമ്പുന്ന നിറ സാഗര[5]ത്തിൽ
ഒരു തുള്ളിയാകാൻ കഴിഞ്ഞിരുന്നെങ്കിൽ

ശിഖരങ്ങളിൽ ഇരുന്ന് കലപിലകൂട്ടുന്ന
തത്തമ്മ കുഞ്ഞാകാൻ കഴിഞ്ഞിരുന്നെങ്കിൽ.

*ആസിയ എ.സ്*

5 കടൽ

# മറവിക്ക് മായ്ക്കാൻ കഴിയാത്തത്



'മറവി 'എന്ന മൂന്നക്ഷരത്തിന്

മായ്ക്കാൻ കഴിയാത്ത ചിലതുണ്ട്
സ്വർണ്ണ ലിപികളിൽ എഴുതപ്പെട്ട
മറക്കാൻ കഴിയാത്ത ചിലതുണ്ട്
കല്ലിലല്ല ,മരക്കഷണത്തിലല്ല
തോലിലല്ല മരത്തിലല്ല
ഹൃദയത്തിന്റെ ഉള്ളറയിൽ
രചിക്കപ്പെട്ട ചിലതുണ്ട്.
സൂചിപോലെ കുത്തിനോവിക്കാൻ
മധുരം പോലെ സന്തോഷിപ്പിക്കാൻ
ഹൃദയത്തിന്റെ ഏതോ കോണിൽ
തെളിഞ്ഞ് കിടക്കുന്ന ചിലതുണ്ട്.
സ്നേഹത്തിന്റെ സഹനത്തിന്റെ
സൗഹൃദത്തിന്റെ പ്രണയത്തിന്റെ
മധുരിപ്പിക്കും ഓർമകളാൽ
തുന്നപ്പെട്ട ചിലതുണ്ട്.
വേർപ്പാടിന്റെ വേദനയിൽ
എരിഞ്ഞു നീറുന്ന മനസ്സിനും


## മായാമുദ്ര

കുളിരേകി ആഹ്ളാദമേകി
കടന്നുവരുന്ന ചിലതുണ്ട്.
മധുരമുള്ള മൊഴികളാലും
നിറപ്പകിട്ടാർന്ന കാഴ്ചകളാലും
സ്പർശിയായ അനുഭവങ്ങളാലും
രസിപ്പിക്കുന്ന ചിലതുണ്ട്.
ഈറനണിഞ്ഞ മിഴിയെ തലോടിയ
തേങ്ങിയ മനസ്സിനെ ആശ്വാസിപ്പിച്ച
ആ കരസ്പർശത്തിൽ ചൂടുള്ള
ഒരു പിടി ഓർമ്മകൾ ഇന്നുണ്ട്
ഏകാന്തതയുടെ വേദനയിലും
ഭീതിയുടെ നിമിഷങ്ങളിലും
തണലായി വന്ന ചിലരാൽ
കോർക്കപ്പെട്ട ചിലതുണ്ട്
വെള്ളിനൂലുകളായ മഴയിനാലും
കണ്ണഞ്ചിപ്പിക്കുന്ന വെയിലിനാലും
കുളിരേകുന്ന കാറ്റിനാലും
കൊണ്ടു പോകാൻ പറ്റാത്ത ചിലതുണ്ട്.
എത്രതന്നെ മറക്കാൻ ശ്രമിച്ചാലും
മനസ്സിൽ നിന്നു മായ്ക്കാൻ ശ്രമിച്ചാലും
ഒരിക്കലുംഓർക്കാതിരിക്കാൻശ്രമിച്ചാലും
ഓടിയെത്തിയ ചിലതുണ്ട്.
വിധിയുടെ കരങ്ങളാൽ അകറ്റപ്പെട്ട
ഒരിക്കലും ചേരാത്ത മനസ്സുകളെ
വീണ്ടും സംഗമിക്കാൻ നിർബന്ധിക്കുന്ന

തണലേകുന്ന ചിലതുണ്ട്.
ആർത്തിരമ്പുന്ന സാഗരത്തിനും
പാടിയൊഴുകുന്ന അരുവിക്കും
തട്ടിത്തെറിക്കുന്ന വെള്ളച്ചാട്ടത്തിനും
ഒഴുക്കാൻ പറ്റാത്ത ചിലതുണ്ട്
ഓർക്കുമ്പോൾ മധുരിപ്പിക്കുന്ന
മറക്കാൻ ശ്രമിക്കുമ്പോൾ മിഴി നനയ്ക്കുന്ന
മലരുകളെപ്പൊലെ സന്തോഷിപ്പിക്കുന്ന
നിറമാർന്ന ഓർമ്മകൾ ഇന്നുണ്ട്
ജയിക്കാതെപോയ വാശിയുടേയും
നടക്കാതെപോയ സ്വപ്നങ്ങളുടേയും
ഒരിക്കലും ഒത്തുവരാത്തവിധിയുടേയും
കൈയ്പാർന്ന ഓർമ്മകൾ ഇന്നുണ്ട്
നിലാവിന്റെ സൗന്ദര്യംപോലെ
മിഴിവാർന്ന ഇരുളുകൾ പോലെ
നക്ഷത്രത്തിന്റെ തിളക്കംപോലെ
എത്തിനോക്കുന്ന ചിലതുണ്ട്
മറവിയെന്ന മൂന്ന്അക്ഷരത്തിൽ
മായ്ക്കാൻ കഴിയാത്ത ചിലതുണ്ട്
സ്വർണ്ണലിപികളാൽ എഴുതപ്പെട്ട
മറക്കാൻ കഴിയാത്ത ചിലതുണ്ട്.

അജ്മിയ 10 B

# ഗണിതത്തിലേക്ക് കടന്ന ചെല്ലാനുള്ള മാർഗ്ഗം കളിയാണ്




രാവിലെ ട്യൂഷൻ മാസ്റ്റർ കയറി വരുന്നത് കണ്ടപ്പോഴെ ഉണ്ണിക്കുട്ടന്റെ മുഖം വാടി. ഒരവധി ദിവസത്തെ മുഴുവൻ രസവും കളഞ്ഞുകുളിക്കാൻ
മാസ്റ്ററുടെ ഒരു മണിക്കൂർ ക്ളാസ് മതിയെന്ന് ഉണ്ണിക്കുട്ടനറിയാം .
മാഷ് വന്ന പാടേ അമ്മ ഓരോന്ന് പറഞ്ഞ് എരിയേറ്റാൻ തുടങ്ങി. "ഒന്നും
പഠിക്കുന്നില്ല മാഷേ ".ബാക്കിയുള്ള നേരം ടിവിയുടെ മുന്നിലും. ഉണ്ണിയുടെ അച്ഛൻ മാഷിനെ കാണാനിരിക്കുവാ. അത് കേട്ടപ്പോൾ

***മായാമുദ്ര***

മാഷ്  ഒന്ന് ഇളകിയിരുന്നു. "ഇന്ന് ലാഭവും നഷ്ടവും പഠിക്കാം"  മാഷ് പറഞ്ഞു. മാഷിന്റെ ബീഡി പുരണ്ട  പല്ല് കണ്ടപ്പോൾ ഉണ്ണിക്ക് ഓക്കാനം വന്നു . ഉണ്ണി മനസ്സില്ലാ മനസ്സോടെ ബുക്ക് എടുത്തു . "എഴുത്"  മാഷ് പറഞ്ഞു . 500 രൂപയ്ക്ക് ഒരാട്ടിൻ കുട്ടി വാങ്ങി,3 മാസം കഴിഞ്ഞ് അതിനെ 750 രൂപയ്ക്ക് വിറ്റു ലാഭമോ നഷ്ടമോ ?എത്ര?

നഷ്ടമാ  ചോദ്യമെഴുതി തീരും മുൻപേ ഉണ്ണി ഉത്തരം പറഞ്ഞു.

ങേ!!  500 ന വാങ്ങി 750 ന് വിറ്റാൽ നഷ്ടമോ    അതു തന്നെ മാഷേ സംഗതി    നഷ്ടമാ  ഉണ്ണി   അറ്റത്തു നിന്നും അമ്മ ഇറങ്ങി വന്നു . 'ഇത്ര നിസ്സാരമായ ഒരു കണക്കു പോലും നിനക്കറിയില്ലേ  ' .

അറിയാഞ്ഞിട്ടാണോ  അഹങ്കാരമാ  മാഷ് പിറുപിറുത്തു .

"അമ്മേ ഇതൊന്ന് കേൾക്ക് 500 രൂപയ്ക്ക് ആട്ടിൻ കുട്ടിയെ വാങ്ങുന്നു. ഒരു ദിവസത്തേക്ക് ഏറ്റവും കുറഞ്ഞത് 3 രൂപ ക്രമത്തിൽ 3 മാസത്തേയ്ക്ക് വേണ്ട പിണ്ണാക്കിനും തീറ്റയ്ക്കും കൂടി 270 രൂപ, എന്തോ  അസുഖം വന്നതിന് ഒരു തവണ ഡോക്ടറെ വരുത്തുന്നതിനും മരുന്ന് വാങ്ങുന്നതിനും കൂടി 150 രൂപ.”

***ജി.എച്ച്.എസ്.എസ്.തൊളിക്കോട്***

ആകെ ചെലവ് 500+470=920 വിറ്റത് 750 ,
പിന്നെവിടെയാ ലാഭം ഉണ്ണി
പറഞ്ഞത് ശരിയാണെന്ന് അമ്മയ്ക്കും തോന്നി. "ശരിയല്ലേ മാഷേ "ഉണ്ണി ചോദിച്ചു . മറുപടി പറയാനാവാതെ മാഷ് ഒരു ബീഡി കത്തിച്ചു

'ഹൊ ! എന്തൊരു പാടാ'!

";പിന്നെ വരാം " ഉണ്ണി കളിക്കാൻ പുറത്തേക്കു
പോയി.................

ഫൗസിയ

X B

**അമ്മ**

അതിരുകളില്ലാത്ത സ്നേഹവും

വാത്സല്യവും നമ്മുക്ക് ലഭിക്കുന്നത്

അമ്മയിൽ നിന്നാണ്.ഈ ലോകത്തെ



പരിചയപ്പെടുത്തി തരുന്ന

ആദ്യ ഗുരുവും

അമ്മയാണ്. ഈ

ലോകത്തിലെ എല്ലാ

മനുഷ്യരിലും ഏറ്റവും ബന്ധമായത്

മാതാവാണ്................

ലുബാബ

## പദശേഖരം

അകത്തളങ്ങളിൽ.....7
ഉള്ളറകളിൽ.....7
ചവർപ്പിൽ.....3
പ്രക്ഷുബ്ധമായ.....8
വാത്സല്യവും.....23